എ.വൈ.ആർ

### സൂറ-11

# ഹൂദ്

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَـٰبَ فَٱخْتُلِفَ فِيهِ ۗ وَلَوْلَا كَلِمَةٌ سَبَقَتْ مِن
رَّبِّكَ لَقُضِىَ بَيْنَهُمْ ۚ وَإِنَّهُمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿١١٠﴾

**110** മൂസാക്കും നാം വേദം നൽകിയിട്ടുണ്ടായിരുന്നു. ഈ ഖുർആനിലെന്ന പോലെ അതിലും ഭിന്നിപ്പുളവായി. നിന്റെ നാഥങ്കൽനിന്ന് നേരത്തെ ഒരു വചനം ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ ഭിന്നിച്ചവർക്കിടയിൽ ഇതിനകം വിധി കൽപിക്കപ്പെട്ടിട്ടുണ്ടാകുമായിരുന്നു. അവരിപ്പോഴും അതെപ്പറ്റി സങ്കീർണമായ സന്ദേഹത്തിൽ തന്നെയാകുന്നു.

وَإِنَّ كُلًّا لَّمَّا لَيُوَفِّيَنَّهُمْ رَبُّكَ أَعْمَـٰلَهُمْ ۚ إِنَّهُۥ بِمَا يَعْمَلُونَ خَبِيرٌ ﴿١١١﴾

എല്ലാവർക്കും നിന്റെ നാഥൻ അവരുടെ കർമഫലം പൂർണമായിത്തന്നെ നൽകുന്നതാകുന്നു. അവനോ, അവർ പ്രവർത്തിക്കുന്നതൊക്കെയും സൂക്ഷ്മമായി അറിയുന്നവനല്ലോ.

فَٱسْتَقِمْ كَمَآ أُمِرْتَ وَمَن تَابَ مَعَكَ وَلَا تَطْغَوْا۟ ۚ إِنَّهُۥ بِمَا تَعْمَلُونَ بَصِيرٌ
﴿١١٢﴾

ആകയാൽ നീയും നിന്നോടൊപ്പം അല്ലാഹുവിലേക്കു മടങ്ങിയവരും കൽപിക്കപ്പെട്ടതുപോലെ സന്മാർഗത്തിൽ അടിയുറച്ചു നിലകൊള്ളേണം. ധർമശാസനയുടെ പരിധികൾ ലംഘിച്ചുകൂടാ. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതൊക്കെയും അല്ലാഹു നിരീക്ഷിക്കുന്നുണ്ട്.

وَلَا تَرْكَنُوٓا۟ إِلَى ٱلَّذِينَ ظَلَمُوا۟ فَتَمَسَّكُمُ ٱلنَّارُ وَمَا لَكُم مِّن دُونِ ٱللَّهِ مِنْ
أَوْلِيَآءَ ثُمَّ لَا تُنصَرُونَ ﴿١١٣﴾

അധർമമനുവർത്തിച്ചവരോടനുഭാവമരുത്. അതുമൂലം നിങ്ങളെ നരകം ബാധിക്കും. അല്ലാഹുവല്ലാതെ നിങ്ങൾക്കു രക്ഷകരാരുമില്ല. പിന്നെ നിങ്ങൾ സഹായിക്കപ്പെടുകയുമില്ല.

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَـٰبَ= മൂസാക്കു നാം വേദം നൽകിയിട്ടുണ്ടായിരുന്നു

فَٱخْتُلِفَ فِيهِ= അതിലും ഭിന്നി(പ്പുളവായി)ക്കപ്പെട്ടു

وَلَوْلَا كَلِمَةٌ سَبَقَتْ= ഒരു വചനം മുൻകടന്നിരുന്നില്ലെങ്കിൽ (നേരത്തെ ഒരു വചനം ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ)

مِن رَّبِّكَ= നിന്റെ നാഥങ്കൽ നിന്ന്

لَقُضِىَ بَيْنَهُمْ= അവ(ഭിന്നിച്ചവ)ർക്കിടയിൽ വിധി കൽപിക്കപ്പെട്ടിട്ടുണ്ടാകുമായിരുന്നു

وَإِنَّهُمْ= തീർച്ചയായും അവർ لَفِى شَكٍّ مِّنْهُ= അതെപ്പറ്റി സംശയത്തിലാകുന്നു

مُرِيبٍ= സംശയിക്കുന്ന, സങ്കീർണമായ وَإِنَّ كُلًّا= (വർക്കും) തീർച്ചയായും എല്ലാവരും

لَّمَّا لَيُوَفِّيَنَّهُمْ= അവർക്ക് തീർച്ചയായും പൂർണമായി നൽകുക തന്നെ ചെയ്യും

رَبُّكَ= നിന്റെ നാഥൻ أَعْمَـٰلَهُمْ= അവരുടെ കർമ(ഫല)ങ്ങൾ إِنَّهُۥ= തീർച്ചയായും അവൻ(നോ)

بِمَا يَعْمَلُونَ= (വർത്തിക്കുന്നതൊക്കെയും) അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച്

خَبِيرٌ= (ന്നുവല്ലോ) സൂക്ഷ്മമായി അറിയുന്നവൻ

فَٱسْتَقِمْ= (സന്മാർഗത്തിൽ അടിയുറച്ചു നിലകൊള്ളുക) ആകയാൽ നീ നേരെ നിൽക്കുക

كَمَآ أُمِرْتَ= നീ കൽപിക്കപ്പെട്ടതുപോലെ وَمَن تَابَ= (അല്ലാഹുവിങ്കലേക്ക്) മടങ്ങിയവരും

مَعَكَ= നിന്നോടൊപ്പം وَلَا تَطْغَوْا۟= (ധർമശാസനയുടെ പരിധി ലംഘിച്ചു കൂടാ) നിങ്ങൾ അതിക്രമിക്കരുത്

إِنَّهُۥ= നിശ്ചയം അ(ല്ലാഹു)വൻ بِمَا تَعْمَلُونَ= നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്

بَصِيرٌ= (നിരീക്ഷിക്കുന്നുണ്ട്) കാണുന്നവനാണ് وَلَا تَرْكَنُوٓا۟= (അനുഭാവമരുത്) നിങ്ങൾ ചായരുത്

إِلَى ٱلَّذِينَ ظَلَمُوا۟= അധർമമനുവർത്തിച്ചവ(രോട്)രിലേക്ക്

فَتَمَسَّكُمُ= (അതുമൂലം നിങ്ങളെ ബാധിക്കും) അപ്പോൾ നിങ്ങളെ സ്പർശിക്കും

ٱلنَّارُ= നരകം وَمَا لَكُم= നിങ്ങൾക്ക് ഇല്ല مِّن دُونِ ٱللَّهِ= അല്ലാഹുവല്ലാതെ

مِنْ أَوْلِيَآءَ= (കർ ആരും) രക്ഷകരാൽ ثُمَّ= പിന്നെ لَا تُنصَرُونَ= നിങ്ങൾ സഹായിക്കപ്പെടുകയില്ല

**110:** പ്രവാചകനോടും ഖുർആനിനോടും ഖുറൈശികൾ കൈക്കൊണ്ട നിഷേധത്തെയും ശത്രുതയെയും സൂചിപ്പിച്ചുകൊണ്ട്, അതിനെ യഹൂദ ചരിത്രവുമായി താരതമ്യം ചെയ്യുകയാണീ സൂക്തം. മൂസാ നബിയുടെ പ്രവാചകത്വവും തൗറാത്തിന്റെ അവതരണവും യഥാർഥത്തിൽ യഹൂദർക്ക് ലഭിച്ച മഹത്തായ ദൈവാനുഗ്രഹമായിരുന്നു. പക്ഷേ, യഹൂദ സമൂഹം തൗറാത്തിനെ ഏകകണ്ഠമായി സ്വീകരിക്കാൻ തയാറായില്ല. ചിലർ അതിനെ തള്ളിപ്പറഞ്ഞു. ചിലർ വാക്കുകൊണ്ട് സ്വീകരിക്കുകയും കർമംകൊണ്ട് നിരാകരിക്കുകയും ചെയ്തു. ചിലർ വേദത്തെ സ്വാർഥ താൽപര്യങ്ങൾക്കൊത്ത് ഭേദഗതി ചെയ്യുകയും ദുർവ്യാഖ്യാനിക്കുകയും ചെയ്തു. ഇസ്രാഈല്യർ മൂസായോട് സ്വീകരിച്ച അതേ സമീപനം തന്നെയാണ് ഇപ്പോൾ ഇസ്മാഈല്യർ മുഹമ്മദ് നബിയോടും സ്വീകരിക്കുന്നത്.

ഇസ്രാഈല്യർ വേദ വിഷയത്തിൽ ഭിന്നിച്ചുവെങ്കിലും അല്ലാഹു മിദ്യാനികളെയും സദോമികളെയും മറ്റും നശിപ്പിച്ചപോലെ അവരെ നശിപ്പിക്കുകയുണ്ടായില്ല. അതിനു കാരണം, അവരുടെ കാര്യത്തിൽ അല്ലാഹു നേരത്തെ വിധിച്ചു വെച്ചിട്ടുള്ളത് അങ്ങനെയൊരു ഉന്മൂലനമല്ല എന്നതാണ്. ആയിരുന്നുവെങ്കിൽ ആദ് സമൂദ് വർഗങ്ങളെപ്പോലെ അവരും നാമാവശേഷരായിപ്പോയിട്ടുണ്ടാകുമായിരുന്നു. ഇസ്രാഈല്യർ ഒന്നടങ്കം സത്യനിഷേധികളും ധർമധിക്കാരികളുമായിരുന്നില്ല. അവരിൽ ഗണ്യമായ ഒരു വിഭാഗം തൗറാത്ത് വിശ്വസിക്കുകയും ആചരിക്കുകയും ചെയ്തിരുന്നു. മൂസാക്കുശേഷവും ഇട

ക്കിടെ പ്രവാചകന്മാർ വന്ന് ആ വിഭാഗത്തെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. അത് അവർക്ക് ഉന്മൂല നാശം വിധിക്കപ്പെടാതിരിക്കാനുള്ള ന്യായവുമായി. ഇപ്പോൾ ഇസ്മാഈല്യരിൽ ചിലർ ഈ പ്രവാചകനിലും ഖുർആനിലും വിശ്വസിക്കുന്നു. ചിലർ നിഷേധിക്കുന്നു. ചിലർ തങ്ങളാഗ്രഹിക്കുന്ന ഭേദഗതികൾ ആവശ്യപ്പെടുന്നു. ഇസ്രാഈല്യർക്കെന്ന പോലെ അവർക്കും അല്ലാഹു നിശ്ചയിച്ച വിധിയുടെ അവധിയെത്തിയിട്ടില്ല. എന്നാൽ ഇസ്രാഈല്യർക്ക് സമ്പൂർണ നാശമല്ലാത്ത പല ശിക്ഷകളും നേരിടേണ്ടി വന്നിട്ടുണ്ട്. അത്തരം ശിക്ഷകൾ ഇവരെയും കാത്തിരിക്കുന്നു. പ്രബോധിതരുടെ നിഷേധത്തിലും ശത്രുതയിലും പ്രബോധകർക്ക് അത്ഭുതപ്പെടാനൊന്നുമില്ല. എതിർപ്പിന്റെയും പീഡനത്തിന്റെയും സാഹചര്യം എല്ലാ പ്രവാചകന്മാർക്കും നേരിടേണ്ടി വന്നിട്ടുള്ളതാണ്. തരണം ചെയ്യാൻ ക്ഷമാപൂർവം സൈഥര്യത്തോടെ പരിശ്രമിക്കുകയാണ് പ്രവാചകന്മാർ ചെയ്യേണ്ടത്.

ഈ ആശയം സൂറ *അൽഫുസ്സിലത്* 43–45 സൂക്തങ്ങളിൽ കുറെകൂടി വിശദമായി അവതരിപ്പിക്കുന്നുണ്ട്.

مَّا يُقَالُ لَكَ إِلَّا مَا قَدْ قِيلَ لِلرُّسُلِ مِن قَبْلِكَ ۚ إِنَّ رَبَّكَ لَذُو مَغْفِرَةٍ وَذُو
عِقَابٍ أَلِيمٍ ﴿٤٣﴾ وَلَوْ جَعَلْنَاهُ قُرْءَانًا أَعْجَمِيًّا لَّقَالُوا۟ لَوْلَا فُصِّلَتْ ءَايَـٰتُهُۥٓ ۖ
ءَا۬عْجَمِىٌّ وَعَرَبِىٌّ ۗ قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ وَٱلَّذِينَ لَا يُؤْمِنُونَ
فِىٓ ءَاذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ عَمًى ۚ أُو۟لَـٰٓئِكَ يُنَادَوْنَ مِن مَّكَانٍۭ بَعِيدٍ ﴿٤٤﴾
وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَـٰبَ فَٱخْتُلِفَ فِيهِ ۗ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ
لَقُضِىَ بَيْنَهُمْ ۚ وَإِنَّهُمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿٤٥﴾

(നിനക്കു മുമ്പുള്ള പ്രവാചകന്മാരോട് പറയാത്തതൊന്നും നിന്നോട് പറയുന്നില്ല. നിശ്ചയം നിന്റെ നാഥൻ ഏറെ പൊറുക്കുന്നവനാകുന്നു. അതോടൊപ്പം വേദനയേറിയ ശിക്ഷ നൽകുന്നവനും. നാം ഈ വേദത്തെ അറബിയല്ലാത്ത ഖുർആൻ ആക്കി അവതരിപ്പിച്ചിരുന്നുവെങ്കിൽ ഇക്കൂട്ടർ പറയുമായിരുന്നു: ഇതിലെ സൂക്തങ്ങൾ നന്നായി വിശദീകരിക്കപ്പെടാത്തതെന്ത്? വചനം അനറബിയിൽ സംബോധിതർ അറബികളും. എന്തൊരു വൈചിത്ര്യം! അവരോടു പറയുക: സത്യവിശ്വാസികൾക്കാണെങ്കിൽ ഈ ഖുർആൻ സന്മാർഗദർശകവും ശാന്തിദായകവുമാകുന്നു. വിശ്വസിക്കാത്തവർക്കാകട്ടെ, കാതുകൾക്ക് അടപ്പും കണ്ണുകൾക്ക് ആന്ധ്യവുമാകുന്നു. അതിവിദൂരതയിൽനിന്നു വിളിക്കപ്പെടുന്നവരുടേതു പോലെയാണവരുടെ അവസ്ഥ. ഇതിനു മുമ്പ് മൂസാക്കു നാം വേദം നൽകിയിരുന്നു. അപ്പോഴും ഇതേ ഭിന്നിപ്പുകളുണ്ടായിട്ടുണ്ട്. നിന്റെ നാഥങ്കൽനിന്ന് നേരത്തെ ഒരു വചനം ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ ഈ ഭിന്നിച്ചവർക്കിടയിൽ ഇതിനകം വിധികൽപിച്ചിട്ടുണ്ടാകുമായിരുന്നു. അവരിപ്പോഴും അതെപ്പറ്റി സങ്കീർണമായ സംശയത്തിലാകുന്നു).

كَلِمَةٌ سَبَقَتْ ന്റെ ഭാഷാർഥം മുൻകടന്ന വചനം എന്നാണ്. ഏതു കാര്യത്തിനും അതിന്റെ സൃഷ്ടിക്കു മുമ്പേ അല്ലാഹു നിശ്ചയിച്ചു വെച്ചിട്ടുള്ള ഭാഗധേയമാണ് ഖുർആൻ ഇതുകൊണ്ട് വിവക്ഷിക്കുന്നത്. شَكٍّ مُرِيبٍ ന്റെ ആശയം നേരത്തെ ഈ സൂറയുടെ 62–ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു. ഇവിടെ ഉദ്ദേശ്യമിതാണ്: പ്രവാചകനെയും ഖുർആനിനെയും നിഷേധിക്കാൻ അവർ തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. പക്ഷേ തെളിവുകളും ന്യായങ്ങളും പരിഗണിക്കുമ്പോൾ അവർക്കതിനു പ്രയാസമുണ്ട്, എന്നാൽ സ്വീകരിച്ചു കളയാമെന്നു വെച്ചാൽ, സ്വാർഥ താൽപര്യങ്ങളും പാരമ്പര്യങ്ങളോടുള്ള മമതയും അതിന് അനുവദിക്കുന്നില്ല. തള്ളാനും കൊള്ളാനും വയ്യാത്ത അവസ്ഥയിൽ ഉഴലുകയാണവർ.

**111:** ഇതിലെ لَّمَّا അപ്പോൾ എന്ന അർഥത്തിലുള്ളതല്ല; ദൃഢീകരണത്തെയും പ്രതിജ്ഞയെയും സൂചിപ്പിക്കുന്ന لَ യും സ്വാരസ്യത്തിനുവേണ്ടി അധികരിപ്പിച്ച ما യും ചേർന്നതാണ്. ഖുർആനിൽ ഇതുപോലുള്ള വചനങ്ങൾ വേറെയുമുണ്ട്. ഉദാ: إِن كُلُّ نَفْسٍ لَّمَّا عَلَيْهَا حَافِظٌ (നിശ്ചയം ഓരോ ആത്മാവിനും

ഒരു മേൽനോട്ടക്കാരൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നു). كُلًّ (എല്ലാം) പൊതുവാണെങ്കിലും ഇവിടെ ഖുറൈശികളും വിഗ്രഹാരാധകരും യഹൂദരും പ്രത്യേകം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. സാരമിതാണ്: സത്യപ്രബോധനം പരാജയപ്പെടുത്താൻ അവർക്ക് എന്തൊക്കെ ചെയ്യാനാകുമോ അതൊക്കെ ചെയ്തുകൊള്ളട്ടെ. അവരെല്ലാവരും നിന്റെ നാഥന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്ന ഒരുനാൾ വരുന്നുണ്ട്. അന്ന് ഓരോരുത്തർക്കും അവരവർ ചെയ്ത കർമങ്ങൾക്കുള്ള പ്രതിഫലം യാതൊരു ഏറ്റക്കുറവുമില്ലാതെ തികഞ്ഞ രൂപത്തിൽ ലഭിക്കുന്നതാണ്.

**112:** تَابَയുടെ ഭാഷാർഥം വിട്ടുപോയതിലേക്ക് തിരിച്ചുവന്നു എന്നാണ്. അന്ധവിശ്വാസങ്ങളിലും അധർമങ്ങളിലും അകപ്പെടുന്നവർ സത്യത്തിൽ നിന്നും അധർമത്തിൽനിന്നും അല്ലാഹുവിൽനിന്നും അകന്നുപോകുന്നവരാണ്. പ്രവാചകന്റെ പ്രബോധനം സ്വീകരിക്കുന്നവർ നേരത്തെ വിട്ടുപോയ അല്ലാഹുവിലേക്കും സത്യത്തിലേക്കും ധർമത്തിലേക്കും തിരിച്ചുവന്നവരാണ്. ഈ അർഥത്തിൽ وَمَن تَابَ എന്നത് وَمَنْ ءَامَنَ (വിശ്വസിച്ചവർ) എന്നതിന്റെ പര്യായമാകുന്നു. استقامയിൽ നിന്നുള്ള ശാസനക്രിയയാണ് استقم. നേരെ നിന്നു എന്നാണ് استقامയുടെ ഭാഷാർഥമെങ്കിലും സന്മാർഗത്തിൽ ഉറച്ചുനിൽക്കുക എന്നാണ് പ്രയോഗാർഥം. അവനവന് ശരി എന്നു തോന്നിയതിൽ ഉറച്ചു നിൽക്കുന്നത് മാത്രം സന്മാർഗത്തിൽ ഉറച്ചുനിൽക്കലാവില്ല. തന്റെ നിലപാട് ശരിയാണ് എന്ന ധാരണയെ അല്ലാഹു അവന്റെ ദൂതന് അവതരിപ്പിച്ചുകൊടുത്ത പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുകയും വേണം. ദൈവിക പ്രമാണങ്ങളുടെ ന്യായം സ്വയം ബോധ്യപ്പെട്ടില്ലെങ്കിലും അതിൽ നിലകൊള്ളുന്നത് സന്മാർഗത്തിൽ നിലകൊള്ളലാകും. എന്നാൽ സ്വയം ശരിയെന്നു ധരിക്കുന്ന കാര്യം പ്രമാണവിരുദ്ധമാണെങ്കിൽ അത് സന്മാർഗഭ്രംശമാകുന്നു. അൽപജ്ഞനായ മനുഷ്യന് പലതും മനസ്സിലായില്ലെന്നു വരാം. ചിലത് തെറ്റായി മനസ്സിലാക്കിയെന്നു വരാം. സർവജ്ഞനായ അല്ലാഹുവിന്റെ കാര്യത്തിൽ ഈ പരിമിതികളൊന്നുമില്ല. അവൻ കൽപിക്കുന്ന കാര്യങ്ങൾ സത്യവും സാധുവും മാത്രമായിരിക്കും. അതിനാൽ വിശ്വാസികൾ അവന്റെ ശാസനകളുടെ പരിധി ലംഘിച്ചു കൂടാ.

ഈ സന്ദർഭത്തിൽ വചന താൽപര്യം ഇതാണ്: അന്ധവിശ്വാസികളും ധർമവിരോധികളും എക്കാലത്തും പ്രവാചകന്മാർക്കും അവരുടെ പ്രബോധനങ്ങൾക്കും വിശ്വാസികൾക്കുമെതിരെ വിമർശനങ്ങളും ആക്ഷേപങ്ങളും ഉന്നയിച്ചു കൊണ്ടിരിക്കും. പ്രലോഭനങ്ങളും പ്രകോപനങ്ങളും സൃഷ്ടിച്ചു കൊണ്ടിരിക്കും. അതൊന്നും ഫലിക്കുന്നില്ലെങ്കിൽ മർദനങ്ങളിലേക്കും പീഡനങ്ങളിലേക്കും തിരിയും. അപ്പോഴൊക്കെ കാലിടറാതെ സ്വന്തം ആദർശത്തിൽ ഉറച്ചു നിൽക്കാനും ആദർശത്തിന്റെ താൽപര്യങ്ങളനുസരിച്ച് പ്രവർത്തിക്കാനും പ്രവാചകനും സത്യവിശ്വാസികൾക്കും കഴിയണം. ഭീരുത്വത്തിനടിപ്പെട്ടോ പ്രകോപനങ്ങൾക്കും പ്രലോഭനങ്ങൾക്കും വശപ്പെട്ടോ ദൈവിക ശാസനകളുടെ അതിരുകൾ ലംഘിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ ദൃഷ്ടിയിൽനിന്ന് അത് മറഞ്ഞിരിക്കുകയില്ല. വിചാരണ നാളിൽ അതെപ്പറ്റി ചോദിക്കുമ്പോൾ നിങ്ങൾ അവന്റെ മുമ്പിൽ സമാധാനം പറയേണ്ടി വരികയും ചെയ്യും. നേരെ മറിച്ച് അവന്റെ കൽപനകളിൽ അടിയുറച്ചു നിൽക്കുന്നവർക്ക് പ്രയാസങ്ങളും പ്രതിസന്ധികളും മറികടക്കാൻ അവന്റെ മാർഗദർശനമുണ്ടാകും. അവന്റെ സഹായം ആവശ്യമുള്ളപ്പോഴൊക്കെ അവർക്കു ലഭിച്ചുകൊണ്ടിരിക്കും.

**113:** تَرْكَنُوٓا۟ എന്ന ക്രിയയുടെ മൂലം رُكُون ഉം ആവാം رُكْن ഉം ആവാം. ആകർഷിക്കലും യോജിക്കലുമാണ് ركون. വശം, സ്തംഭം തുടങ്ങിയ അർഥങ്ങളിൽ ركن ഉപയോഗിക്കുന്നു. وَلَا تَرْكَنُوٓا۟ എന്ന വാക്യം ركونൽ നിന്നുള്ളതാണെങ്കിൽ ആകൃഷ്ടരാവരുത്, യോജിക്കരുത് എന്നും ركن ൽനിന്നുള്ളതാണെങ്കിൽ ഭാഗം ചേരരുത് എന്നുമാണാശയം. രണ്ടും അടിസ്ഥാനപരമായി ഒന്നുതന്നെ.

മുൻ സൂക്തത്തിൽ പ്രസ്താവിച്ച കാര്യം വിശ്വാസികളെ സംബോധന ചെയ്തുകൊണ്ട് ഒന്നുകൂടി ഊന്നിപ്പറയുകയാണീ സൂക്തത്തിൽ. സത്യനിഷേധികളുടെ അപ്രീതി ഭയന്നോ പ്രലോഭനങ്ങൾക്കു വഴങ്ങിയോ അനാചാരങ്ങളോടും അന്ധവിശ്വാസങ്ങളോടും അനുഭാവം കാണിച്ചുകൂടാ. അങ്ങനെ ചെയ്താൽ നിങ്ങളും അവരെപ്പോലെ നരകാർഹരായിത്തീരും. فَتَمَسَّكُمُ ٱلنَّارُ –നരകം നിങ്ങളെ സ്പർശിക്കും– എന്നാണ് മൂലവാക്ക്. സ്പർശനത്തിന്റെ കടുപ്പം സത്യവിരുദ്ധമായ ആശയങ്ങളോടും ആചാരങ്ങളോടുമുള്ള അനുഭാവത്തിന്റെയും ഐക്യത്തിന്റെയും തോതനുസരിച്ചായിരിക്കും. സുരക്ഷിതത്വം തേടിയാണ് ഈ നിലപാട് സ്വീകരിക്കുന്നതെങ്കിൽ അധർമകാരികളോ അവർ പൂജിക്കുന്ന ദൈവങ്ങളോ ഒരിക്കലും വിശ്വാസികളുടെ എന്നല്ല ആരുടെയും രക്ഷകരല്ല. സുരക്ഷിതത്വവും ക്ഷേമവും തേടി അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നതും അനുസരിക്കുന്നതും മഹാമൗഢ്യമാണ്!

അല്ലാഹുവിന്റെ വിധിവിലക്കുകളിൽ അടിയുറച്ചു നിൽക്കുന്നവർക്ക് ആ മാർഗത്തിലൂടെ മുന്നോട്ടുപോകാൻ അല്ലാഹു വെളിച്ചം നൽകിക്കൊണ്ടിരിക്കുമെന്നും അവർക്കെതിരെ വരുന്ന ശത്രുക്കളെ പരാജയപ്പെടുത്താൻ സഹായിക്കുമെന്നും അവൻ വിശ്വാസികളോട് വാഗ്ദാനം ചെയ്തിട്ടുണ്ട്. അക്രമികളോട് അനുഭാവം പുലർത്തുകയും അവരുടെ ആരാധ്യരിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നവർ ഈ സഹായത്തിൽനിന്ന് വിലക്കപ്പെടുന്നതാണ്. ഇതാണ് ثُمَّ لَا تُنصَرُونَ (പിന്നെ അവർ സഹായിക്കപ്പെടുന്നതല്ല) എന്ന വാക്യത്തിന്റെ താൽപര്യം. സച്ചരിതരോട് ചേർന്നു നിൽക്കുകയും അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ തന്നെ രക്ഷയുടെയും വിജയത്തിന്റെയും പ്രതീക്ഷ ബന്ധിപ്പിക്കുകയും ചെയ്യുന്നവർക്കാണവൻ സഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്. അവസരത്തിനനുസരിച്ച് അല്ലാഹുവിനെയും അവനല്ലാത്തവരെയും ആരാധിക്കുകയും ചെയ്യുന്നവർക്ക് അതു ബാധകവുമല്ല. ■